www.malankaralibrary.com



www.malankaralibrary.com



ലക്കം 2

Published by
Office Bearers, MCYM Pathanamthitta 2024-25

**Malankara Catholic Youth Movement
Pathanamthitta Diocese**

Upasana Pastoral Centre
Attarikam Omalloor P.O
Pathanamthitta Dist., Kerala -689647

mcymptadiocese@gmail.com
www.facebook.com/mcymptadiocese
www.instagram.com/mcymptadiocese

Design & Layout: Ajosh M Thomas, Kadammanitta

എം.സി.വൈ.എം പത്തനംതിട്ട
ഭദ്രാസന മുഖപത്രം

For Private circulation only

www.malankaralibrary.com

EDITORIAL



# യുവത്വം ക്രിസ്തു ലഹരിയിൽ...

**നീയും പുത്രൻമാരും സമാഗമകൂടാരത്തിലേക്കു പോകുമ്പോൾ വീഞ്ഞോ ലഹരി സാധനങ്ങളോ കുടിക്കരുത്; കുടിച്ചാൽ, നിങ്ങൾ മരിക്കും. ഇതു നിങ്ങൾക്കു തലമുറതോറും ശാശ്വതമായ നിയമമായിരിക്കും. (ലേവ്യർ 10 : 9)**

കാലം മാറ്റങ്ങൾക്ക് വിധേയമായികൊണ്ടിരിക്കുകയാണ്. കാലത്തിനൊപ്പം മനുഷ്യനും മാറ്റം സംഭവിക്കുന്നു. മാറുന്ന ഈ ലോകത്തിൽ നമ്മുടെ യുവ തലമുറ ലഹരിയുടെ അടിമത്വത്തിലേക്ക് പതിയെ വീണു പോകുന്നുണ്ട്. ഒരു പക്ഷേ അത്തരത്തിൽ എഴുന്നേൽക്കാൻ പറ്റാത്ത അഗാധമായ ഗർത്തത്തിലേക്ക് വീണ് പോയി ജീവിതം നഷ്ടപ്പെട്ട ഒരുപാട് ചെറുപ്പക്കാരുടെ കണ്ണീര് നമ്മുക്ക് ചുറ്റുമുണ്ട്. എന്തായിരിക്കാം ഇതിന് പിന്നിൽ? മാറുന്ന കുടുംബാന്തരീക്ഷം, നൂതനമാകുന്ന കലാലയ അന്തരീക്ഷങ്ങൾ, കൂട്ട്കെട്ടുകൾ, ജോലി ഭാരങ്ങൾ, നഷ്ടപ്പെടുന്ന പ്രാർത്ഥന ജീവിതം, സമൂഹിക ചുറ്റുപാടുകൾ ഇവയൊക്കെ ആകാം .

ദിശാബോധം നഷ്ടപ്പെടുന്ന യുവതലമുറ വലിയ ആപത്താണ്. നമ്മുടെ ചുറ്റിലും ചതിയുടെ വലിയ കുഴികൾ കാത്തിരുപ്പുണ്ട്. അവയിൽ വീഴാതെ നടക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. നിരീശ്വരവാദികളും, ബ്ലാക്ക്മാസ്സുകാരും ഇത്തരം ലഹരി വസ്തുക്കൾ കാട്ടിയാണ് ചെറുപ്പക്കാരെ വശത്താക്കുന്നത്. പത്രത്താളുകളിൽ ലഹരിക്കടിമപ്പെട്ട് ആളുകൾ ചെയ്യുന്ന കുറ്റകൃത്യങ്ങൾ നമ്മുടെ മനസ്സിന് വല്ലാതെ ഞെട്ടൽ ഉണ്ടാക്കുന്നവയാണ്.

ഇവ ആരോഗ്യത്തിന് ഹാനികരം ആണെന്നും, ഇത് കഴിച്ചാൽ മാരക രോഗങ്ങൾ ഉണ്ടാകും എന്ന് എഴുതിവെച്ചിട്ടും നമ്മുടെ ജീവിതത്തിന് ഒരു വിലയും കൽപ്പിക്കാതെ നാം ഇത്തരം ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നു. കേവലം മിനിറ്റുകളുടെ സുഖത്തിനു വേണ്ടി ഒരായുസ്സ് മുഴുവൻ നാം നശിപ്പിക്കുന്നു. ഇന്ന് യുവജ്ജനങ്ങളിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഒന്നാണ് സിനിമ . ഇന്ന് ഭൂരിഭാഗം സിനിമകളിലും ലഹരിയുടെ ഉപയോഗം കൂടുതലാണ്. ഹീറോയിസം കാണിക്കുവാൻ ലഹരി ഉപയോഗിക്കുമ്പോൾ പതിയെ അവ യുവത്വത്തിന്റെ ഉപബോധ മനസിലേക്കും കുത്തിവയ്ക്കപ്പെടുന്നു.

എന്നാൽ, നൻമതിൻമകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്; തിന്നുന്ന ദിവസം നീ മരിക്കും. (ഉൽപത്തി 2 : 17)

ഇവിടെ മനുഷ്യർക്ക് ദൈവം നൽകിയിട്ടുള്ള വിവേചന ബുദ്ധി ഉപയോഗിക്കാനുള്ള അവസരം കൂടിയാണ്. ഏതാണ് നന്മയെന്നും ഏതാണ് തിന്മയെന്നും തിരിച്ചറിയാനുള്ള വിവേകം നമ്മൾ ആർജ്ജിച്ചെടുക്കണം. എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ അംഗം എന്ന നിലയിലും, സാമൂഹിക പ്രതിബദ്ധത ഉള്ള പൗരൻ എന്ന നിലയിലും ഒരിക്കലും നാം ലഹരിക്ക് അടിമപ്പെടില്ല എന്നും, നമുക്ക് ചുറ്റും ഇത്തരത്തിൽ ഉള്ളവരെ ജീവിതത്തിലേക്ക് കൈപിടിച്ച് കൊണ്ടു വരും എന്നും നമ്മുക്ക് പ്രതിജ്ഞ എടുക്കാം.

ക്രിസ്തു ആകട്ടെ നമ്മുടെ ലഹരി.അവനിലേക്ക് കൂടുതൽ ഒട്ടിച്ചേരുവാൻ നമുക്ക് പരിശ്രമിക്കാം.

ഒത്തിരി സ്നേഹത്തോടെ,

**സുബിൻ തോമസ്**
ചീഫ് എഡിറ്റർ
ഭദ്രാസന ജനറൽ സെക്രട്ടറി

www.malankaralibrary.com





# ഓർമ്മപ്പെരുന്നാൾ ......

ഗോതമ്പുമണിയായ് മണ്ണിൽ വീണൊരു പുണ്യവാന്റെ തിരുന്നാൾ.

ജൂലൈ മാസം എത്തുമ്പോഴേക്കും മനസ്സിൽ ഓർമ്മകളുടെ തിരയിളക്കമാണ്. പട്ടത്തെ കബറും പള്ളിമുറ്റവും ഓർമ്മയാചരണവും മെഴുകുതിരി പ്രദക്ഷിണവും ശ്രാദ്ധമൂട്ടും ഒത്തുചേരലും എല്ലാം. മലങ്കര കത്തോലിക്കാസഭയുടെ മക്കൾ വിവിധ ദേശങ്ങളിൽ നിന്ന് കാവി പുതച്ച് പദയാത്രികരായി റാന്നി പെരുന്നാട്ടിൽ നിന്നും പട്ടത്തേക്ക് എത്തുമ്പോൾ ഹൃദയം തുടിക്കും കണ്ണുകളിൽ ഈറനണിയും. ക്രാന്തദർശിയായ ഒരാളുടെ ഉറച്ച തീരുമാനം, പ്രതികൂലങ്ങൾക്ക് നടുവിലും പതറാതെ മുന്നോട്ട് നടത്തിയ ആത്മശക്തി. പതിറ്റാണ്ടുകൾ പിന്തിരിഞ്ഞ് നോക്കുമ്പോൾ പിൻതലമുറക്ക് പറയാൻ ഒരായിരം ഓർമ്മകൾ. കാറ്റ് എത്ര പ്രതികൂലമായാലും ഈ തോണിയിൽ അമരത്ത് അവനുണ്ട് എന്ന ഉറപ്പ്. അതാണ് മുന്നോട്ട് നയിച്ചത്.

പ്രിയമുള്ളവരെ ഈ കാലഘട്ടത്തിൽ നമുക്കും ഈ അടിയുറച്ച വിശ്വാസം മാതൃകയാക്കാം. പ്രതിസന്ധികളിലും പ്രതികൂലങ്ങളിലും തളരാതെ പതറാതെ മുന്നോട്ട് നീങ്ങാം. ലോകത്തിന്റെ കാഴ്ചകളല്ല ഉൾക്കാഴ്ചകളോടെ ജീവിക്കാം. യുവജനങ്ങളുടെ ആകുലതകൾ ഏറെയുണ്ട് എന്ന ഓർമ്മപ്പെടുത്തൽ പല ആവർത്തി മുന്നിലുണ്ട്. എല്ലാറ്റിനും ആശ്രയം ക്രിസ്തുമാത്രമാണ്. ഒരുമിച്ച് പ്രാർത്ഥിക്കാം ഒരുമിച്ച് പ്രവർത്തിക്കാം നാളയെ പടുത്തുയർത്താം. ഏവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

ജയ് എം.സി.വൈ.എം

**ജോബച്ചൻ**





www.malankaralibrary.com

# Presidential Desk



## യുവത്വം ആഘോഷമാണ്... ഉത്സവമാണ്....

ഒരു വ്യക്തിയെ സംബന്ധിച്ച് അവന്റെ ജീവിതത്തിലെ ഏറ്റവും സുന്ദരമായ കാലഘട്ടം ആണ് യൗവ്വനം. ഈ കാലഘട്ടത്തിൽ നാം നമ്മുടെ ജീവിത യാത്രയിൽ തീർക്കേണ്ടത് അതി സുന്ദരമായ ഏടുകളാണ്. ഒരു എം.സി.വൈ.എം കാരനെ സംബന്ധിച്ച് യൗവനം ആഘോഷവും, ഉത്സവവും ആക്കേണ്ടത് ക്രിസ്തുവിനോടൊപ്പം ആണ്. യുവാവായ ക്രിസ്തുവിന്റെ ജീവിതം നാം മറ്റുള്ളവർക്ക് പകർന്ന് നൽകാൻ ഈ കാലഘട്ടത്തിൽ ശ്രമിക്കണം. മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ഭക്ത സംഘടനയായ എം.സി.വൈ.എം യുവത്വം എന്ന കാലഘട്ടത്തിൽ തങ്ങളുടെ യുവജന സഭയ്ക്ക് പ്രവർത്തിക്കുവാനുള്ള അനേകം പ്രവർത്തന വീഥികളാണ് സൃഷ്ടിക്കുന്നത്. എം. സി.വൈ.എം ന്റെ പ്രവർത്തന പന്ഥാവിൽ നമുക്ക് പ്രവർത്തിക്കാൻ അഞ്ച് തലങ്ങളാണ് ഉള്ളത് ആത്മീയം,ബൗദ്ധികം, സാമൂഹികം, സാംസ്കാരികം, രാഷ്ട്രീയം. ഈ തലങ്ങളിലൂടെ നാം എം.സി.വൈ.എം പ്രവർത്തന വീഥിയിൽ പങ്കാളിയാകുമ്പോൾ സ്വയം വളരുകയാണ് ചെയ്യുന്നത്.

എം.സി.വൈ.എംമ്മിലൂടെ നാം ആത്മീയ തലത്തിലെ പ്രവർത്തനത്തിൽ പങ്കാളിയാകുമ്പോൾ നമ്മിലെ പുരോഹിതനെ, സന്യസ്ഥനെ വളർത്തിയെടുക്കുവാൻ സാധിക്കുന്നു. ബൗദ്ധിക തലത്തിലെ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഞാൻ എന്ന സംഘാടകനെ പ്രസ്ഥാനം വരച്ചു കാട്ടുന്നു. നാം ജീവിക്കുന്ന സമൂഹത്തിന്റെ ഉത്തരവാദിത്വങ്ങളിലേക്ക് സാമൂഹിക പ്രവർത്തനങ്ങളിലൂടെ എം.സി.വൈ.എംമ്മിലൂടെ കടന്ന് ചെല്ലുമ്പോൾ നിന്നിലെ സാമൂഹിക പ്രവർത്തകനെ തുറന്ന് കാണിക്കുന്നു. യുവജന സഭയുടെ സർഗ്ഗവേദിയിലൂടെ സാംസ്കാരിക പ്രവർത്തനത്തിൽ നാം പ്രവർത്തനനിരതരാകുമ്പോൾ നമ്മിലെ അതുല്യ കലാകാരനെ വളർത്തിയെടുക്കാൻ സാധിക്കുന്നു. യുവജന സഭ രാഷ്ട്രീയ തലത്തിലെ പ്രവർത്തനങ്ങളെ സദാ വീക്ഷിച്ചുകൊണ്ട് കൃത്യമായ നിലപാടുകൾ ആർജ്ജവത്തോടെ പറയുമ്പോൾ എം.സി.വൈ.എം ക്കാരായ നല്ല രാഷ്ട്രീയ നേതാക്കന്മാരെ സൃഷ്ടിക്കുന്നു. ഒരു വ്യക്തിയുടെ ജീവിതത്തിൽ അവന്റെ പ്രവർത്തന മേഖലയെ തിരഞ്ഞെടുക്കുന്നതിൽ എം.സി. വൈ.എം ചെലുത്തുന്ന സ്വാധീനം എന്താണ് എന്ന് മനസിലാക്കുക. അതുകൊണ്ട് തന്നെ നമ്മുടെ യൗവനത്തിൽ ക്രിസ്തുവിനോടൊപ്പം, സഭയോടൊപ്പം, പ്രസ്ഥാനത്തോടൊപ്പം നടന്ന് നീങ്ങുവാൻ ഇന്നിന്റെ യുവത്വം ശ്രദ്ധ കേന്ദ്രീകരിക്കുക.

കാലഘട്ടത്തിന്റെ നന്മ തിന്മകൾ തിരിച്ചറിയുവാനുള്ള ജാഗ്രത ഇന്നിന്റെ യുവത്വം പുലർത്തുക. സമൂഹത്തിൽ നിലകൊള്ളുന്ന തിന്മകൾക്കെതിരെ സമരസപ്പെടാതെ സമര വേദിയിൽ നിറഞ്ഞു നിൽക്കുവാൻ യുവജന സഭ ശ്രദ്ധിക്കുക. അൾത്താരയിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ടാവണം നമ്മുടെ ഓരോ പ്രവർത്തനങ്ങളും. നമ്മുടെ യുവത്വം നമുക്ക് ആഘോഷമാക്കാം ഉത്സവമാക്കാം ക്രിസ്തുവിലൂടെ, നമ്മുടെ പ്രസ്ഥാനത്തിലൂടെ. ക്രിസ്തുവിൽ യുവത്വം ആഘോഷവും ഉത്സവവും ആക്കുമ്പോൾ നാം അനേകർക്ക് നമ്മുടെ ജീവിതത്തിലൂടെ ക്രിസ്തുവിനെ പകർന്ന് നൽകുന്നു.

ജയ് എം സി വൈ എം

ബിബിൻ എബ്രഹാം
ഭദ്രാസന പ്രസിഡന്റ്

www.malankaralibrary.com




# ലഹരിയും യുവജനങ്ങളും



**അഡ്വ. ശ്രുതി തോമസ്**
വി. കോട്ടയം യൂണിറ്റ്

*വലിച്ച് ചുരുക്കിയതും, കുടിച്ച് തീർത്തതുമൊക്കെ നിന്റെ സ്വപ്നങ്ങൾ തന്നെയാണ്. നിന്നെ ഇഷ്ടപ്പെടുന്നവരുടെ പ്രതീക്ഷയും*

ജൂൺ 26 ലോക ലഹരി വിരുദ്ധ ദിനമായി ആചരിക്കുകയാണ്. ജീവനും, ജീവിതവും, സമ്പത്തും, ആരോഗ്യവും ബന്ധവും വരെ നഷ്ടപ്പെടുത്തി ലഹരിയുടെ ചുഴിയിൽ അനേകായിരങ്ങൾ വലയുകയാണ്. ഒരു സാമൂഹിക ജീവി എന്ന നിലയിൽ അവന്റെ തകർച്ചയിൽ ഈ സമൂഹത്തിന്റെ പങ്കു വലുതാണ്. അറിവും അവബോധവുമുള്ള ഈ നൂറ്റാണ്ടിലും ലഹരിയോടുള്ള ആസക്തി വർദ്ധിക്കാൻ എന്താണ് കാരണം?

ഒന്നാമതായി, ലഹരിയുടെ ഉപയോഗത്തെ ഒരു അംഗീകാരവും അഹകാരവുമായാണ് ഈ സമൂഹം കാണുന്നത്. ഇന്നത്തെ ലോകത്തിൽ ഞാൻ ഉൾക്കൊള്ളണം എങ്കിൽ ഞാൻ മദ്യപിക്കുന്ന, പുകവലിക്കുന്ന, മറ്റ് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്ന വ്യക്തിയാകണം എന്ന ചിന്തയാണ് ഇതിൽ പ്രധാനം. ഇപ്രകാരമല്ലാത്ത ഒരാളെ ഇന്നത്തെ സമൂഹം അംഗീകരിക്കുന്നില്ല. പുണ്യാളൻ എന്ന് മുദ്രകുത്തി മാറ്റി നിർത്തുന്നു. ഇവിടെ നാം ശ്രദ്ധിക്കേണ്ടുന്ന ഒന്നുണ്ട്. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം മനുഷ്യരുടെ അംഗീകാരമല്ല പ്രത്യുത ദൈവത്തിന്റെ അംഗീകാരമാണ് വലുത് എന്ന് നാം മനസ്സിലാക്കണം.

രണ്ടാമതായി ഒരു വ്യക്തിയുടെ സ്വഭാവം, ജീവിത രീതി എന്നിവ തീരുമാനിക്കപ്പെടുന്നത് അവന്റെ കുടുംബ സാഹചര്യത്തിൽ നിന്നാണ്. എന്നും മദ്യപിക്കുന്ന ഒരു അപ്പൻ, മോശമായ ജീവിത സാഹചര്യം, മാനസിക ക്ലേശങ്ങൾ ഈ മുള്ളുകളെല്ലാം ഒരു മനുഷ്യനെ വലയ്ക്കുമ്പോൾ സത്യത്തിൽ നിന്ന് ഓടിയൊളിക്കുവാൻ അനേകം യുവജനങ്ങളും, കുഞ്ഞുങ്ങളും ചെന്ന് വീഴുന്നത് ലഹരിയുടെയും മറ്റും വലിയ റാക്കറ്റുകളിലായിരിക്കും. കുറച്ചു നേരത്തെ സുഖം, ആനന്ദം എന്നിവ ഇവരുടെ ബുദ്ധിയെ കെടുത്തി കളയുന്നു. ചെറിയ രീതിയിൽ തുടങ്ങുന്ന ശീലങ്ങൾ പിന്നീട് അഴിയാത്ത കുരുക്കുകളായി മാറുന്നു. ഇവിടെയാണ് അബ്രഹത്തിന്റെ വിശ്വാസം എന്തെന്ന് നാം മനസ്സിലാക്കേണ്ടത്. തന്റെ ഏകജാതനെ ദൈവം ചോദിച്ചപ്പോഴും മാറാത്ത ഉറച്ച വിശ്വാസം അബ്രഹാമിന് ഉണ്ടായിരുന്നു. ജീവിതത്തിൽ പല മുള്ളുകൾ നമ്മെഞെരിക്കുമ്പോഴും ദൈവശ്രയത്തോടെ ഇവയെ നേരിടുവാൻ അബ്രഹത്തെപ്പോലെ ഓരോ യുവജനവും ശ്രദ്ധിക്കേണ്ടതാണ്.

മൂന്നാമതായി, മനുഷ്യനിൽ, പ്രത്യേകമായി യുവജനങ്ങളിൽ സ്വാധീനം ചലുത്തുന്ന സുഹൃത്തുക്കൾ, സിനിമ എന്നീ മേഖലകളാണ്. യുവജനങ്ങളിൽ കൂടുതലായി കണ്ടുവരുന്ന അനുകരണ പ്രവണതയാണ് ഇതിന് കാരണം. സിനിമയിലെ ഹീറോയെ പോലെ എല്ലാവരും ശ്രദ്ധിക്കുന്ന കഥാപാത്രമാകുവാൻ അല്ലെങ്കിൽ കൂട്ടുകാരുടെ പ്രേരണകൾക്ക് വഴങ്ങിയും ലഹരി അടിമപ്പെടുന്ന ധാരാളം യുവജനങ്ങൾ നമുക്ക് ചുറ്റിനും ഉണ്ട്.

www.malankaralibrary.com

തന്റെ 30 വയസ്സുവരെ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച്, 3 വർഷം ജീവന്റെ വചനം പ്രഘോഷിച്ച് കുരിശിൽ മരിച്ച ഒരു 33 കാരനാണ് ഓരോ ക്രൈസ്തവന്റെയും ഹീറോ. അവനോട് ചേർന്ന് ജീവിക്കുവാനും അവനെ അനുകരിക്കുവാനും നാം ശ്രദ്ധിക്കണം.

ഇന്ത്യയുടെ ഭരണഘടന പ്രകാരം ഇന്ത്യൻ ശിക്ഷാ നിയമത്തിൽ സെക്ഷൻ 276 വകുപ്പ് പ്രകാരം ലഹരി വസ്തുക്കളുടെഉത്പാദനവും, വില്പനയും കുറ്റമായി കണ്ട് ആറ് മാസം തടവ് അല്ലെങ്കിൽ 1000/ വരെ പിഴയും അല്ലെങ്കിൽ രണ്ടും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിന് പുറമേ NDPS ACT: NARCOTICS, DRUGS PSYCHOTROPIC SUBSTANCES ACT 1985, എന്ന നിയമം പ്രത്യേകമായി രൂപകൽപ്പന ചെയ്തിട്ടുണ്ട്. മദ്യം പുകയില എന്നതിനപ്പുറം ഇന്ന് യുവതലമുറ ഏറെ അടിമപ്പെട്ടിരിക്കുന്നത് MDMA, LSD പോലെ ഉള്ള മാരക ലഹരി വസ്തുക്കൾക്കാണ്. ഒരു തവണ ഉപയോഗിച്ചാൽ മനുഷ്യനെ അടിമപ്പെടുത്തുന്ന മാരക വിഷയങ്ങളാണ്. ഇവയുടെ ഉൽപാദനവും, വിൽപ്പനയും ഉപയോഗവും തടയുവാൻ ആണ് NDPS പോലെയുള്ള നിയമങ്ങൾ നടപ്പാക്കിയിട്ടുള്ളത്. ഒരിക്കൽ പ്രതി ചേർക്കപ്പെട്ടാൻ നാളുകൾ ഇരുമ്പഴിക്കുള്ളിൽ കഴിയേണ്ടിവരുന്ന ശിക്ഷകളാണ്, ഈ നിയമത്തിലുള്ളത്.

സമൂഹത്തിൽ ഒറ്റപ്പെട്ടവരേയും ദുരിതം അനുഭവിക്കുന്നവരേയും ഒന്ന് ചേർത്ത് നിർത്തി ഒപ്പം നിർത്തുവാൻ നാം ഒന്ന് ശ്രമിച്ചാൽ ഇവർ ലഹരിക്ക് അടികളാകാതെ സംരക്ഷിക്കുവാൻ നമുക്ക് സാധിക്കും. ഇപ്രകാരം അടിമപ്പെട്ടവർക്ക് വേണ്ടിയുള്ള കൗൺസിലിംഗ് റീഹാബ് പോലുള്ള ചികിത്സാ രീതികളും, മെഡിറ്റേഷൻ, യോഗ എന്നിവയും ശീലമാക്കാം.

മരണത്തിന്റെ നിഴൽ വീണ താഴവരയിലൂടെ ഞാൻ നടന്നാലും, അവൻ കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല. ഈശോയുടെ കൈപിടിച്ച് ഈ യാത്ര നമുക്ക് പൂർത്തിയാക്കാം. ലഹരിക്ക് അടിമപ്പെടാത്ത ഒരു യുവ തലമുറയെ വാർത്തെടുക്കാം



www.malankaralibrary.com





**മേഘ എൽസാ മാത്യൂസ്,**
ട്രഷറർ, റാന്നി- പെരുന്നാട് വൈദിക ജില്ല

# ക്രിസ്തുവിൽ പൂർണ്ണമായ യുവത്വം

**യുവാക്കൻമാരേ, ഞാൻ നിങ്ങൾക്ക് എഴുതുന്നു: നിങ്ങൾ ശക്തൻമാരാണ്. ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു; നിങ്ങൾ ദുഷ്ടനെ ജയിക്കുകയും ചെയ്തിരിക്കുന്നു.**
**(1 യോഹന്നാൻ 2 : 14).**

ക്രിസ്തു തന്റെ ശരീര രക്തങ്ങൾ നൽകി സ്വീകരിച്ച സഭയിൽ, അവന്റെ രക്ഷകര പദ്ധതിയിൽ പങ്കാളിയാകുവാൻ ഓരോ യുവജനങ്ങളും വിളിക്കപ്പെട്ടിരിക്കുന്നു. സഭയുടെ നട്ടെല്ലാണ് യുവജനങ്ങൾ. സഭയുടെ ഭൗതീകതയിലും, ആത്മീകതയിലും പങ്കാളിയാകുവാൻ നാം കടപ്പെട്ടിരിക്കുന്നു. ഇന്ന് ക്രിസ്തുമതത്തെയും ക്രിസ്ത്യാനികളെയും അവഹേളിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന കാലഘട്ടങ്ങളിലൂടെ ആണ് നാം കടന്നു പൊയ്കൊണ്ടിരിക്കുന്നത്. നാം നേരിടുന്ന പ്രശ്നങ്ങളെ അതിജീവിക്കുന്നതിനും സഭയെ ശക്തിപ്പെടുത്തുന്നതിനും ബലപ്പെടുത്തുന്നതിനുമുള്ള ഉത്തരവാദിത്വം യുവജനങ്ങളായ നമ്മുക്ക് ഒരോരുത്തർക്കും ഉണ്ട് .

എം.സി.വൈ.എം എന്നത് ഒരു പ്രസ്ഥാനം മാത്രമല്ല, മറിച്ച് ആത്മീയവും, ഭൗദ്ധീകവും, സാമൂഹികവും, സാംസ്കാരികതയിലും, രാഷ്ട്രീയതലത്തിലും നിന്ന് കൊണ്ട് സഭയുടെ ശക്തിയായി,ശബ്ദമായി മാറാൻ യുവജങ്ങൾക്ക് സാധിക്കണം. രണ്ടാം വത്തിക്കാൻ സുന്നഹദോസ് ഇപ്രകാരം പറയുന്നു ; ക്രൈസ്തവ സഭയുടെ സർവ്വ പ്രധാനമായ ലക്ഷ്യം സുവിശേഷ പ്രഘോഷണമത്രേ. ആയതിനാൽ ഈ ദൗത്യം ഏറ്റെടുക്കാൻ യുവജനങ്ങൾക്ക് കഴിയട്ടെ. വി. പൗലോസ് ശ്ലീഹായുടെ പ്രവാചക തീക്ഷണതയോടും, പരിശുദ്ധാത്മ പൂരിതരായി ലോകമെമ്പാടും ശ്ലീഹന്മാർ നടത്തിയ സുവിശേഷ പ്രഘോഷണമെല്ലാം തന്നെ യുവജനങ്ങൾ മാതൃകയാക്കേണ്ടതാകുന്നു. ഇഹലോക സുഖം വെടിഞ്ഞ് യേശുവിൽ ആനന്ദം കണ്ടെത്തുവാൻ കഴിയണം. യുവജനങ്ങൾ യേശുവിന് സാക്ഷികളാക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

നമുക്ക് ഒരുമിച്ച് മുന്നോട്ടു നീങ്ങാം, നവയുഗത്തിൽ സുവിശേഷത്തിന്റെ വാഹകരായി,പ്രത്യാശയുടെ തീർത്ഥാടകരായി നമുക്ക് മാറാം.

www.malankaralibrary.com




# അനുഭവക്കുറിപ്പ്.....

**ആൽബിൻ ബെന്നി**
ഭദ്രാസന സെക്രട്ടറി

എന്നെ ഞാനാക്കിയ,എന്നിലെ കഴിവുകൾ തുറന്നു കാട്ടിയ, എന്റെ എം.സി.വൈ.എം പ്രസ്ഥാനത്തിന് വേണ്ടി എന്നെ വളർത്തി നല്ല പാഠം പഠിപ്പിച്ച പത്തനംതിട്ട ഭദ്രാസനത്തെ പ്രതിനിധീകരിച്ചുകൊണ്ട് National Biblical Catechetical& Liturgical Center ന്റെ നേതൃത്വത്തിൽ CBCI നടത്തിയ സെമിനാറിലും കോൺഫറൻസിലും പങ്കെടുക്കുവാനുള്ള സൗഭാഗ്യം ലഭിച്ചു. സീറോ മലബാർ,ലത്തീൻ, സീറോ മലങ്കര,റീത്തുകളിൽപ്പെട്ട കേരളത്തിനകത്തും പുറത്തും സംഘടനാ നേതൃത്വത്തിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടി നടത്തപ്പെട്ട സെമിനാർ ആണിത്.

ആറു ദിവസം നീണ്ടുനിന്ന ക്യാമ്പിലേക്ക് വളരെ ആശങ്കയോടുകൂടിയാണ് കടന്നുചെന്നത്. എന്നാൽ മലങ്കരയുടെ മക്കളായ ഞങ്ങളെ വളരെ സ്നേഹത്തോടെയും ആദരവോടും കൂടി സ്വീകരിക്കുകയും ഞങ്ങൾക്ക് വേണ്ട എല്ലാ സൗകര്യങ്ങളും മുൻകൂട്ടി തന്നെ അവിടെ ക്രമീകരിക്കുകയും ചെയ്തിരുന്നു.ആദ്യദിവസം മുതൽ അവസാന ദിവസം വരെ വളരെ മികച്ച രീതിയിലുള്ള ക്ലാസുകൾ ആണ് നടത്തപ്പെട്ടത്. Quality of good leader, Mass media communication, Canon law, Catechism തുടങ്ങിയ വിഷയങ്ങളിൽ പ്രമുഖരായ ഡോക്ടർമാരും വൈദികരും ചേർന്ന് ക്ലാസുകൾ എടുക്കുകയും തുടർന്ന് സംവാദങ്ങൾ നടത്തപ്പെടുകയും ആശയങ്ങൾ ശേഖരിക്കുകയും ഡോക്യുമെന്റ് ആയി സ്വീകരിക്കുകയും ചെയ്തു.

ഈ കോൺഫറൻസിൽ എന്റെ മലങ്കര സഭയ്ക്ക് വേണ്ടി, പത്തനംതിട്ട ഭദ്രാസനത്തെ പ്രതിനിധീകരിച്ച് സംസാരിക്കുക എന്നത് എന്നെ സംബന്ധിച്ച് ഏറെ അഭിമാനകരമായ നിമിഷം ആയിരുന്നു. ഓരോ വിഷയത്തിലും അധിഷ്ഠിതമായി ആശയങ്ങൾ പങ്കുവെക്കുമ്പോൾ അതെന്റെ സഭയ്ക്കും എന്റെ ഭദ്രാസനത്തിനും ഞാൻ ചങ്കിലേറ്റിയ എന്റെ എം സി വൈ എം പ്രസ്ഥാനത്തിനും എത്രമാത്രം അനുയോജ്യമാണെന്നും അതിന്റെ ആവശ്യകത എന്തെന്നും വ്യക്തമായി മനസ്സിലാക്കുവാൻ എനിക്ക് സാധിച്ചു. എന്നിലെ ചിന്താശക്തി നല്ല ഒരു ലീഡർ ആയും അതിലുപരി ഒരു നല്ല വ്യക്തിയായും മാറേണ്ടതിന്റെ ആവശ്യകതകളെ മനസ്സിലാക്കുവാനും അത് വിജയകരമായി അവതരിപ്പിക്കുവാനും സാധിച്ചു.

സഹോദര സഭകളിലെ വിവിധ ഭദ്രാസനങ്ങളിൽ നിന്ന് പങ്കെടുത്ത പ്രമുഖ വ്യക്തികൾക്കൊപ്പം ആശയവിനിമയം നടത്തിയപ്പോൾ എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ നേതൃത്വനിരയിൽ പ്രവർത്തിക്കുന്ന ഒരു വ്യക്തി എന്ന നിലയിൽ എന്റെ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുവാനും യുവത്വത്തിന്റെ മൂവർണ്ണ കൊടി ചങ്കിലേറ്റി ധൈര്യപൂർവ്വം പ്രവർത്തന മേഖലയിൽ ആയിരിക്കുവാനുമുള്ള ഊർജ്ജം ലഭിക്കുകയും ഉണ്ടായി.

യുവജനങ്ങൾ പ്രത്യാശയുടെ തീർത്ഥാടകർ എന്ന ആപ്തവാക്യത്തെ മുൻനിർത്തി ഭദ്രാസനത്തിന്റെയും, യുവജനപ്രസ്ഥാനത്തിന്റെയും പ്രവർത്തനങ്ങൾ,തീരുമാനങ്ങൾ എന്നിവ ഡോക്യുമെന്റ് ആയി തയ്യാറാക്കി അഭിവന്ദ്യ.പോളി കണ്ണൂക്കാടൻ പിതാവിനെ ഏൽപ്പിക്കുകയും ചെയ്തു.

മലങ്കര സഭയിലെ യുവജന സഭയുടെ ശബ്ദമാകാൻ എന്നെ ഒരുക്കിയ പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മധ്യസ്ഥൻ വിശുദ്ധ ഫ്രാൻസിസ് അസീസിയോടും, സ്വർഗീയ രാജ്ഞിയായ അമ്മ മാതാവിനോടും, ഈ സെമിനാറിലേക്കും കോൺഫറൻസിലേക്കും ഭദ്രാസനത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുവാൻ എന്നെ തിരഞ്ഞെടുത്ത പത്തനംതിട്ട രൂപത അധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തയോടും, എം.സി.വൈ.എം ഭദ്രാസന സമിതിക്കും ഹൃദയം നിറഞ്ഞ നന്ദി.

www.malankaralibrary.com




# ദൈവം ദാനമായി തന്ന ജീവൻ രക്തദാനത്തിൽ കൂടി പകർന്നു നൽകുന്നു



**റിജൊ റെജി വർഗീസ്**
അതുമ്പുംകുളം യൂണിറ്റ്


നമ്മുടെ ആരോഗ്യ രംഗത്തെ ലഭ്യമായ കണക്കുകൾ പരിശോധിച്ചാൽ രക്തദാനം എന്ന നിസ്വാർത്ഥ സേവനത്തിലൂടെ പ്രതി വർഷം ലക്ഷകണക്കിന് ജീവനുകളെ നാം രക്ഷിക്കാറുണ്ടെന്ന് മനസ്സിലാക്കാം അതിൽ തന്നെ കണക്കുകൾ പറയുന്ന പ്രകാരം രക്തദാനത്തിൽ പങ്കാളികളാവുന്ന ആയിരത്തിൽ നൂറു പേരോളം സ്ത്രീകളാണ്. അതു നല്കുന്ന പോസ്റ്റീവ് എനർജി വളരെ വലുതാണ് മാറ്റങ്ങളെ ഉൾക്കൊള്ളാൻ സമൂഹം പഠിക്കുന്നതിന്റ തെളിവുകളാണ് നാം മനസ്സിലാക്കേണ്ടത്. ഞാൻ അറിഞ്ഞില്ല ആരും പറഞ്ഞില്ല എന്ന കാരണം കൊണ്ട് ഒഴിവാക്കേണ്ട ഒന്നല്ല രക്തദാനം ഒരു അപകടം വരുമ്പോൾ എനിക്കവന്റെ രക്തം വേണ്ടന്ന് പറയുവാനും സാധിക്കില്ല. രക്തദാനം ഒരു പുണ്യമാണ്.നമ്മുടെ സുന്ദരമായ ഈ ലോകത്ത് ജീവിക്കാൻ വേണ്ടി ഓരോത്തരും ഓട്ടത്തിലാണ്നാം. ദൈവം തന്ന ദാനമാണ് രക്തം.അതെനിക്ക് ഇല്ല എന്ന് പറയാതെ ജാതിയോ മതമോ കളറോ വ്യക്തിയെയോ നോക്കാതെ ദാനം ചെയുക. ദാനം ചെയ്യും തോറും കൂടിവെരുകയേ ഉള്ളു കുറയുകയില്ല.

നമ്മുടെ ശരീരത്തിലെ രക്ത ഓട്ടവും ഒരു നിമിഷമൊന്ന് നിലച്ചാൽ നമ്മുടെ പ്രാണൻ പോലും അപകടത്തിൽ അയേക്കാം. രക്ത ദാനത്തെക്കാൾ വലിയൊരു നമ്മ വേറെയില്ല.രക്ത ദാനത്തിന്റെ മഹത്വത്തെക്കുറിച്ചും ആവശ്യകതയെ കുറിച്ചും ലോക ജനതയെ ബോധവാൻമാരാകുന്നതിനായി ആണ് ജൂൺ 14 രക്തദാന ദിനമായി ആചരിക്കുന്നത്. രക്ത ഗ്രൂപ്പുകളുടെ വിശദമായ അറിവ് ലോകത്തിന് നൽകിയ കാൾ ലാൻഡ്സ്റ്റൈനെർയുടെ ജന്മദിനം ആണ്ജൂൺ 14. ശരിയായ ദാതാവിൽ നിന്നു ശരിയായ സ്വീകർത്താവിന് ശരിയായ രക്തമെന്നുള്ളതിലൂടയാണ് നമുക്ക് സുരക്ഷിതമായ രക്തദാനമെന്ന പ്രക്രിയകൊണ്ട് അർത്ഥമാക്കുന്നത്. 2022 ലെ ലോക രക്തദാന സന്ദേശംരക്തദാനം ചെയ്യുന്നത് ഐക്യദാർഢ്യമാണ് പരിശ്രമത്തിൽ ചേരു. ജീവൻ രക്ഷിക്കു. നാം നൽകുന്ന രക്തംഓരോ ജീവനുകളെ സംരക്ഷിക്കാൻ സഹായിക്കുന്നു. അതു നൽകുന്ന സംതൃപ്തി മറ്റേതു സ്വർഗ്ഗം ലഭിച്ചാലും കിട്ടാൻ പ്രയാസമാണ് കാരണം ആരോഗ്യം തന്നെയാണ് ഏറ്റവും വലിയ സമ്പത്ത്.

www.malankaralibrary.com

# ഭദ്രാസന വാർത്തകൾ

## എം.സി.വൈ.എം പ്രതിഷേധം ഫലം കണ്ടു ഖേദം പ്രകടിപ്പിച്ച് ശ്രീ. തോമസ് ഐസക്ക്




### എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനം

പൂഞ്ഞാർ സംഭവത്തെ മുൻനിർത്തി ക്രൈസ്തവരെ അധിക്ഷേപിച്ച് ഫേസ്ബുക്കിൽ പോസ്റ്റിട്ട പത്തനംതിട്ട ലോക്സഭാ മണ്ഡലം എൽ.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ തോമസ് ഐസക്ക് പോസ്റ്റ് പിൻവലിച്ച് മാപ്പ് പറയണമെന്ന് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രതിഷേധക്കുറിപ്പ് ഇറക്കി. അദ്ദേഹത്തിന് പ്രസ്താവന പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് വാട്സാപ്പ് മുഖേനേ കത്ത് നൽകുകയും, അദ്ദേഹം അതിന് മറുപടി നൽകുകയും ചെയ്തു. അതോടൊപ്പം അദ്ദേഹം മലയാലപ്പുഴയിൽ വച്ച് നടത്തിയ മുഖാമുഖം പരിപാടിയിൽ ഭദ്രാസന സെക്രട്ടറി ശ്രീ.ആൽബിൻ ബെന്നി പ്രസ്തുത വിഷയം നേരിൽ ഉന്നയിക്കുകയും ഈ വിഷയത്തിൽ ക്രൈസ്തവർക്കുണ്ടായ വേദനയിൽ അദ്ദേഹം ഖേദം പ്രകടിപ്പിക്കുകയും ചെയ്തു. ഈ വിഷയത്തിൽ ഖേദം പ്രകടിപ്പിച്ച ശ്രീ തോമസ് ഐസക്കിന്റെ നിലപാടിനെ സ്വാഗതം ചെയ്ത്തു.

## രക്ത ദാനസേന




**'രക്തദാനം മഹാദാനം'** എന്ന വലിയ സന്ദേശം മറ്റുള്ളവർക്ക് പകർന്നു നൽകുക എന്ന ലക്ഷ്യവുമായി എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ജില്ലാ സമിതികളുടെ സഹകരണത്തോടെ രക്തദാന സേന ഓരോ വൈദിക ജില്ലകളിലും രൂപീകരിക്കപ്പെട്ടു.ഇതുവരെയും നിരവധി ആളുകൾക്ക് രക്തം ദാനം ചെയ്യുവാൻ സാധിച്ചിട്ട് ഉണ്ട്. ഓർക്കുക,ഓരോ തുള്ളി രക്തത്തിനും ഒരു ജീവന്റെ വിലയുണ്ട്.
അഭിമാനത്തോടെ നമുക്കും പങ്കുകാരാകാം, രക്തം ദാനം ചെയ്യാം ഈ രക്തദാന സേനയിലൂടെ ..
ഭദ്രാസന കോഡിനേറ്റർ ലിജോ ഫിലിപ്പ് – 81118 17717

## IGESIA 2k24 – ഭദ്രാസന ലീഡേഴ്സ് മീറ്റ് പോസ്റ്റർ പ്രകാശനം ചെയ്തു.

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിലെ യുവജന നേതാക്കൻമാർക്കായി 2024 മെയ്യ് 4,ശനിയാഴ്ച്ച ചന്ദനപ്പള്ളി,മലങ്കര സുറിയാനി കത്തോലിക്ക തീർത്ഥാടന

www.malankaralibrary.com





ദൈവാലയത്തിൽ വച്ച് നടത്തിയ ഭദ്രാസന ലീഡേഴ്സ് മീറ്റ് "IGESIA 2k24" ന്റെ പോസ്റ്റർ 2024 ഏപ്രിൽ 6-ാം തീയതി പത്തനംതിട്ട കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഭദ്രാസന പ്രസിഡന്റ് ശ്രീ.ബിബിൻ ഏബ്രാഹാമിന് നൽകികൊണ്ട് പ്രകാശനം ചെയ്തു. ഭദ്രാസന വികാരി ജനറാൾ മോൺ. വർഗ്ഗീസ് മാത്യൂ കാലായിൽ വടക്കേതിൽ, ഭദ്രാസന ഡയറക്ടർ ഫാ.ജോബ് പതാലിൽ, ആനിമേറ്റർ സി.ജൊവാൻ SIC, വന്ദ്യ വൈദികർ, സിസ്റ്റേഴ്സ്, പാസ്റ്ററൽ കൗൺസിൽ ഭാരവാഹികൾ, ഭദ്രാസന ഭാരവാഹികൾ, വൈദിക ജില്ല ഭാരവാഹികൾ, ചന്ദനപ്പള്ളി യൂണിറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു.

### SWAG - Saved With Amazing Grace



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റുകളിലെ യുവജന നേതാക്കന്മാർക്കായി നടത്തപ്പെടുന്ന നേതൃ പരിശീലനം SWAG പന്തളം വൈദിക ജില്ലയിൽ നടത്തപ്പെട്ടു .ഏപ്രിൽ 7-ാം തീയതി ഞായറാഴ്ച പമ്പുമല,സെന്റ്.മേരീസ് മലങ്കര സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ട പ്രോഗ്രാമിൽ വിവിധ യൂണിറ്റുകളിൽ നിന്നായി 60 ഓളം യുവജനങ്ങൾ പങ്കെടുത്തു.

വ്യത്യസ്തമാർന്ന ഘട്ടങ്ങളിലൂടെ യുവജനങ്ങളെ പൂർണ്ണ പങ്കാളിത്തത്തിലേക്ക് കൊണ്ടുവരുവാനും അതിലുപരി ആശയങ്ങൾ പങ്കുവയ്ക്കുവാനും സാധിച്ചു.

യുവജനങ്ങളെ പരസ്പരം പരിചയപ്പെടുത്തി, ആവേശത്തോടെ മുന്നോട്ട് വരുവാനായി ഐസ് ബ്രേക്കിംഗ് സെഷനിലൂടെ ഭദ്രാസനത്തിന്റെ സെക്രട്ടറിയായിരിക്കുന്ന ടെനി സജി തുടക്കം കുറിച്ചു.

അനുഭവം പങ്കുവെയ്ക്കലിലൂടെ എം.സി.വൈ.എം എന്നത് വെറുമൊരു പ്രസ്ഥാനം അല്ല മറിച്ച് പ്രായം എത്രയായെങ്കിലും യുവത്വം മനസ്സിൽ തുളുമ്പി നിൽക്കുന്ന അനുഭവമാണെന്ന് പങ്കുവെച്ച് മുൻ ഭദ്രാസന പ്രസിഡന്റ് അജേഷ് എം.തോമസ്.

സംഘടനാ സംവിധാനത്തിന്റെ പകർപ്പുകളെ പകർന്നു നൽകി ഭദ്രാസനത്തിന്റെ സെക്രട്ടറി സ്നേഹ യോഹന്നാൻ.

യുവജനങ്ങളുടെ ആശയങ്ങളെ സ്വീകരിക്കുവാനും അവരുടെ ആശയ കുഴപ്പങ്ങളെ പരിഹരിക്കുവാനുമായി യുവജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ച ഭദ്രാസനത്തിന്റെ പ്രസിഡന്റ് ബിബിൻ എബ്രഹാം

യുവജനങ്ങളുടെ പൾസ് മനസ്സിലാക്കി അവരുടെ അഭിപ്രായങ്ങളെ കോർത്തിണക്കിക്കൊണ്ട് സംവാദവേദിയൊരുക്കി ഭദ്രാസന ട്രഷറാർ വിശാഖ് വി.എൽ

ആത്മീയ തലത്തിന്റെ ആഴങ്ങളിലേക്ക് യുവജനങ്ങളെ കൈപിടിച്ചു കൊണ്ടുപോയി ആരാധനയിലൂടെ അനുഗ്രഹപ്രദമാക്കിയ ഭദ്രാസന ഡയറക്ടർ ഫാ. ജോബ് പതാലിൽ.

എല്ലാ ക്രമീകരണങ്ങളോടും ഭദ്രാസന സമിതിയെ സ്വീകരിച്ച പന്തളം വൈദിക ജില്ലയ്ക്കും, പമ്പുമല ദൈവാലയത്തിനും ഹൃദയം നിറഞ്ഞ നന്ദി.

### Tanio 2k24

എം.സി.വൈ.എം സഭാതല സമിതിയുടെ നേതൃത്വത്തിൽ ഏപ്രിൽ 13ന് മാർത്താണ്ഡം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ഞകളട ൽ വെച്ച് നടത്തപ്പെട്ട Tanio 2k24 റിസോഴ്സ് ടീം ട്രെയിനിങ്ങിൽ പത്തനംതിട്ട ഭദ്രാസനത്തെ പ്രതിനിധികരിച്ച് യുവജന നേതാക്കന്മാർ പങ്കെടുത്തു.

www.malankaralibrary.com




## DIVINO 2k24




എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പരിശുദ്ധ വലിയ നോമ്പിന്റെ 50 ദിവസങ്ങളിൽ സാമൂഹിക മാധ്യമങ്ങളിൽ വഴി ഷെയർ ചെയ്യപ്പെട്ട നോമ്പുകാല ചിന്തകൾ 'രക്ഷാകരം' ആസ്പദമാക്കി ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കപ്പെട്ടു. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി 41 മത്സരാർത്ഥികൾ ക്വിസിൽ പങ്കെടുത്തു.

**ഒന്നാം സ്ഥാനം : റോസി തോമസ്, കോന്നിത്താഴം യൂണിറ്റ്**
**രണ്ടാം സ്ഥാനം : റിയ ആൻ രാജൻ, ചന്ദനപ്പള്ളി യൂണിറ്റ്**
**മൂന്നാം സ്ഥാനം : എയ്ഞ്ചൽ വർഗ്ഗീസ്,ചന്ദനപ്പള്ളി യൂണിറ്റ്**


വിജയകൾക്കും, പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ ...ആശംസകൾ.

## സിൻഡിക്കേറ്റ് മീറ്റിംഗ്

ഭദ്രാസന തലത്തിലെ പ്രവർത്തനങ്ങൾ കൂടുതൽ ചടുലവും, ഊർജ്ജസ്വലവും ആക്കുന്നതിന് വേണ്ടിയും, കഴിഞ്ഞ 3 മാസക്കാലത്തെ പ്രവർത്തനങ്ങളെ പറ്റി അവലോകനം നടത്തുന്നതിനുംആയി ഏപ്രിൽ 14-ാം തീയതി ഉച്ചയ്ക്ക് ശേഷം 2.30 ന് കോന്നി ളാക്കൂർ കാരുണ്യ ഭവനിൽ വച്ച് ജില്ലാ ഡയറക്ടർ,ആനിമേറ്റർ സിസ്റ്റേഴ്സ്, ജില്ലാ പ്രസിഡന്റ്, സെക്രട്ടറി, ഭദ്രാസന സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി സിൻഡിക്കേറ്റ് മീറ്റിംഗ് നടത്തപ്പെട്ടു.

മീറ്റിങ്ങിന് ഭദ്രാസന പ്രസിഡന്റ് ശ്രീ. ബിബിൻ എബ്രഹാംഅധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീ. ആൽബിൻ ബെന്നി സ്വാഗതം ആശംസിക്കുകയും,ഭദ്രാസന ഡയറക്ടർ ഫാ.ജോബ് പതാലിൽ ആമുഖ സന്ദേശം നൽകുകയും ചെയ്തു. ഭദ്രാസന ജില്ല തലങ്ങളിലെ കഴിഞ്ഞ മൂന്ന് മാസക്കാലത്തെ പ്രവർത്തനത്തെ പറ്റി അവലോകനം ചെയ്യുകയും, തുടർ പ്രവർത്തനങ്ങളെപറ്റി ചർച്ച ചെയ്യുകയും ചെയ്തു.മീറ്റിങ്ങിന് ഭദ്രാസന കെ.സി.വൈ എം സെനറ്റ് അംഗം ശ്രീ.നിബിൻ പി.സാമുവേൽ നന്ദി രേഖപ്പെടുത്തി.

മീറ്റിങ്ങിന് എല്ലാ ക്രമീകരണങ്ങളും നൽകി ഭദ്രാസന നേതാക്കന്മാരെ ഹൃദ്യമായി സ്വീകരിച്ച ളാക്കൂർ കാരുണ്യ ഭവനെയും ഡയറക്ടർ ബഹുമാനപ്പെട്ട മാത്യൂ പേഴുംമൂട്ടിൽ അച്ചനെയും നന്ദിയോടെ ഓർക്കുന്നു.



www.malankaralibrary.com

## എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനം എഗെയ്റോ 2k24 വനിതാ സംഗമം നടത്തി.



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 21-04-2024 ഞായർ ഉച്ചക്ക് 1 മണി മുതൽ പത്തനംതിട്ട സെന്റ്.പീറ്റേഴ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് എഗെയ്റോ 2k24 വനിതാ സംഗമം നടത്തപ്പെട്ടു.ഉച്ചക്ക് 1.30 ന് ആരംഭിച്ച വനിതാ സംഗമത്തിൽ എം.സി.വൈ.എം പതാക റാന്നി പെരുന്നാട് വൈദിക ജില്ല ആനിമേറ്റർ സി. ജ്യോതി SIC ഉയർത്തി. തുടർന്ന് മൂവാറ്റുപുഴ നഗരസഭ കൗൺസിലറും, സാമൂഹിക, രാഷ്ട്രീയ, വ്യവസായിക, അധ്യാപന രംഗങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ശ്രീമതി. ജോയ്സ് മേരി ആന്റണി യുവതികൾക്ക് ക്ലാസ്സ് നയിച്ചു.

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ ഉപാധ്യക്ഷ ജിഷ ജോസ് അധ്യക്ഷത വഹിച്ച എഗെയ്റോ -2k24 ന്റെ പൊതുസമ്മേളനം പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.പ്രശസ്ത സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ ശ്രീമതി അപർണ്ണ (ക്യൂപി) വിശിഷ്ട അതിഥിയായി പങ്കെടുത്തു. വനിതാ സംഗമത്തിൽ MCMF പത്തനംതിട്ട ഭദ്രാസന. പ്രസിഡന്റ് ഷീജ എബ്രഹാം, ഭദ്രാസന പ്രസിഡന്റ് ബിബിൻ എബ്രഹാം, വൈദിക ജില്ല വികാരി റവ.ഫാ. ജോൺസൺ പാറക്കൽ, ആനിമേറ്റർ സി. ജൊവാൻ SIC,ഭദ്രാസന ഭാരവാഹികളായ അക്സ രാജൻ, ടെനി സജി, സ്നേഹ യോഹന്നാൻ, സോനാ മറിയം ജോർജ് എന്നിവർ സംസാരിച്ചു.പത്തനംതിട്ട ഭദ്രാസനത്തിലെ 100 ഇടവകകളിൽ നിന്നുള്ള 200 ലേറെ യുവതികൾ ഈ സംഗമത്തിൽ പങ്കെടുത്തു.

ക്രമീകരണങ്ങൾക്ക് പത്തനംതിട്ട വൈദിക ജില്ല ആതിഥേയത്വം അരുളി.

## ക്യാൻസർ രോഗികൾക്കായി കേശദാനം ചെയ്ത് എം.സി.വൈ.എം യുവതികൾ.

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 21-04-2024 ഞായർ ഉച്ചക്ക് 1. 30 മുതൽ പത്തനംതിട്ട സെന്റ്.പീറ്റേഴ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് എഗെയ്റോ വനിതാ സംഗമത്തിൽ ക്യാൻസർ രോഗികൾക്കുള്ള കേശദാനം നല്കപ്പെട്ടു. പത്തനംതിട്ട ഭദ്രാസനത്തിന്റെ സോഷ്യൽ സർവീസ് വിഭാഗമായ അനുഗ്രഹയോട് ചേർന്ന് 23 യുവതികൾ ക്യാൻസർ രോഗികൾക്കായി തങ്ങളുടെ മുടി മുറിച്ച് കാരുണ്യത്തിന്റെ വലിയ മാതൃക ഈ സമൂഹത്തിന് പകർന്നു നൽകി. കേശദാനം നൽകിയവർക്ക് സർട്ടിഫിക്കറ്റുകൾ ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത നൽകി.ഈ പ്രസ്ഥാനത്തിലൂടെ വേദനിക്കുന്നവരുടെ കണ്ണീര് ഒപ്പുവാനും, ഒറ്റപ്പെട്ടവരെ ചേർത്തു നിർത്തുവാനും സാധിച്ചു എന്നതിൽ അഭിമാനം.കേശദാനം എന്ന മഹത്തായ ഉദ്യമത്തിലൂടെ നമ്മിലെ സാമൂഹിക പ്രതിബദ്ധത ഒരിക്കൽ കൂടി ഊട്ടി ഉറപ്പിക്കുന്നു.



www.malankaralibrary.com

## A SYNODAL WAY OF LAY LEADERSHIP

**National Biblical Catechetical & Liturgical Center** ന്റെ നേതൃത്വത്തിൽ സീറോ മലബാർ, ലത്തീൻ,സിറോ മലങ്കര റീത്തുകളിൽപ്പെട്ട കേരളത്തിനകത്തും പുറത്തുമായുള്ള അത്മായ നേതാക്കന്മാർക്കായി ബാംഗ്ലൂർ വച്ച് ഏപ്രിൽ 19 മുതൽ 24 വരെ തീയതികളിൽ A Synodal way of Lay leadership എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ മലയാളം സെമിനാറിൽ പത്തനംതിട്ട ഭദ്രാസനത്തെ പ്രതിനിധീകരിച്ചു കൊണ്ട് എം.സി.വൈ.എം ഭദ്രാസന സെക്രട്ടറി ആൽബിൻ ബെന്നിയും, കോന്നി വൈദിക ജില്ല സെക്രട്ടറി അബു മോനച്ചനും പങ്കെടുത്തു.

ഇരുവരെയും യുവജന സഭയുടെ പേരിൽ പ്രത്യേകമായും അഭിനന്ദിക്കുന്നു..






## എം.സി.വൈ.എം ഭദ്രാസന നേതൃസംഗമം ഇഗേസിയ 2024 ചന്ദനപ്പള്ളി കത്തോലിക്ക തീർത്ഥാടന ദൈവാലയത്തിൽ നടത്തപ്പെട്ടു.

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ഇഗേസിയ 2024 നേതൃസംഗമം മെയ് 4 ശനിയാഴ്ച്ച ചന്ദനപ്പള്ളി കത്തോലിക്ക തീർത്ഥാടന ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. രാവിലെ 8 മണിക്ക് ഭദ്രാസനത്തിലെ നവവൈദികൻ ഫാ.ഐവാൻ പുതുപ്പറമ്പിൽ വിശുദ്ധ കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.എം.സി.വൈ.എം പതാക ഭദ്രാസന ആനിമേറ്റർ സി.ജൊവാൻ SIC ഉയർത്തി.നേതൃസംഗമം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ഭദ്രാസന പ്രസിഡന്റ് ബിബിൻ ഏബ്രഹാം യോഗത്തിന് അധ്യക്ഷത വഹിച്ചു. ഭദ്രാസന ഡയറക്ടർ ഫാ.ജോബ് പതാലിൽ, ചന്ദനപ്പള്ളി തീർത്ഥാടന ദൈവാലയ വികാരി ഫാ.ബെന്നി നാരകത്തിനാൽ, ഭദ്രാസന അസ്സി.ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ, ജനറൽ സെക്രട്ടറി സുബിൻ തോമസ്, ട്രഷറർ വിശാഖ് വി.എൽ, പന്തളം വൈദിക ജില്ലാ പ്രസിഡന്റ് സാം കോശി, ചന്ദനപ്പള്ളി യൂണിറ്റ് പ്രസിഡന്റ് ജോ ജോസഫ് എന്നിവർ സംസാരിച്ചു. പ്രശസ്ത മോട്ടിവേഷൻ സ്പീക്കേഴ്സ് ശ്രീ. ജോസഫ് അന്നംകുട്ടി ജോസ്, ശ്രീ.സാജൻ പാപ്പച്ചൻ എന്നിവർ നേതൃപരിശീലനത്തിന് നേതൃത്വം നൽകി . സിനിമ താരം ശ്രീ. ഓസ്റ്റിൻ ഡാൻ വിശിഷ്ടാതിഥിയായി പങ്കെടുത്തു ഭദ്രാസനത്തിലെ 5 വൈദിക ജില്ലകളിൽ നിന്നായി 600 ലേറെ യുവജന നേതാക്കന്മാർ നേതൃ സംഗമത്തിൽ പങ്കെടുത്തു. സംഗമത്തിന് പത്തനംതിട്ട ഭദ്രാസന സമിതിയും, പന്തളം വൈദിക ജില്ലയും, ചന്ദനപ്പള്ളി തീർത്ഥാടന ദൈവാലയവും നേതൃത്വം നൽകി.



## Kadosh – സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് തുടക്കം കുറിച്ച് എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനം



www.malankaralibrary.com

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ യുവജനങ്ങളിൽ വിശുദ്ധ ബൈബിൾ കൂടുതൽ ആഴത്തിൽ പഠിക്കുവാനും, മനസ്സിലാക്കുവാനും ധ്യാനിക്കുവാനുമായി 2024 മെയ് 6 മുതൽ ഡിസംബർ 31 വരെ തീയതികളിൽ നടത്തപ്പെടുന്ന സമ്പൂർണ്ണ ബൈബിൾ പാരായണം Kadosh ന്റെ പോസ്റ്റർ IGESIA നേതൃസംഗമ വേദിയിൽ വച്ച് ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത പ്രകാശനം ചെയ്തു ഭദ്രാസന പ്രസിഡന്റ് ബിബിൻ എബ്രഹാമിന് കൈമാറി.

വലിയ പ്രാർത്ഥന നിയോഗത്തോടെ ഈ ഉദ്യമത്തിൽ നമുക്കും പങ്കാളികളാകാം.

## Kairos - God's appointed time to act

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ യൂണിറ്റ് തല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും,സംഘടനാശക്തി കൂടുതൽ ശക്തമാക്കുന്നതിനും, യുവജനങ്ങളോട് നേരിട്ട് സംവദിക്കുന്നതിനുമായി ജില്ലാ സമിതിയോടൊപ്പം 2024 ഏപ്രിൽ 7ന് പത്തനംതിട്ട വൈദിക ജില്ലയിലെ കത്തീഡ്രൽ ,ഏപ്രിൽ 14ന് പന്തളം വൈദിക ജില്ലയിലെ ചന്ദനപ്പള്ളി ,മെയ് 19 ന് തുമ്പമൺ, കുളനട യൂണിറ്റും സന്ദർശിച്ചു.









**IGESIA 2k24 ൽ പങ്കെടുത്ത യുവജന നേതാക്കൻമാർ പ്രശസ്ത സിനിമ താരങ്ങളായ ജോസഫ് അന്നംകുട്ടി ജോസിനും, ഓസ്റ്റിൻ ഡാനും ഒപ്പം...**



## Elysian




പരിശുദ്ധ വലിയ നോമ്പിന്റെ 50 ദിവസങ്ങളിൽ ഭദ്രാസന സമിതിയുടെ ആഹ്വാന പ്രകാരം വൈദിക ജില്ലകൾ യൂണിറ്റുകളെ ചേർത്ത് ഭദ്രാസനത്തിലെ വിവിധ ആതുരാലയങ്ങൾ സന്ദർശിക്കുകയും,നോമ്പിന്റെ ഒരു

വിഹിതം സാമ്പത്തികമായും, സാമീപ്യമായും അവർക്ക് നൽകുകയും ചെയ്തു.5 വൈദിക ജില്ലകൾ ഒന്നിച്ച് ചേർന്നപ്പോൾ തുകയായും, ആവശ്യസാധനങ്ങളായും ഒന്നാം ഘട്ടത്തിൽ 3,58,061 / രൂപാ നൽകുവാനായി സാധിച്ചു. സ്നേഹത്തിന്റെയും, കരുതലിന്റെയും ഒരു വലിയ മാതൃക ഈ സമൂഹത്തിന് നൽകുവാനും സാധിച്ചു.

എലീസിയൻ ചാരിറ്റിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കിയ വൈദിക ജില്ലകൾക്ക് IGESIA 2k24 വേദിയിൽ വച്ച് ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത മെമെന്റോ നൽകി ആദരിച്ചു.

സഹകരിച്ച എല്ലാ യൂണിറ്റുകൾക്കും, വൈദിക ജില്ല ജില്ലകൾക്കും, നേതൃത്വം നൽകിയ യുവജന നേതാക്കൻമാർക്കും ഹൃദയം നിറഞ്ഞ നന്ദി...

## ആദരവ്



മലയാള സിനിമാ രംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച് ശ്രദ്ധേയമായ വേഷങ്ങൾ കൈകാര്യം ചെയ്യുന്ന യുവ നടൻ, പത്തനംതിട്ട ഭദ്രാസനത്തിനും എം.സി.വൈ. എം മിനും അഭിമാനമായ പന്തളം വൈദിക ജില്ലയിലെ തുമ്പമൺ ഇടവക അംഗമായ ശ്രീ. ഓസ്റ്റിൻ ഡാന് ഭദ്രാസന യുവജന കുടുംബത്തിന്റെ സ്നേഹാദരവ് IG-ESIA 2k24 വേദിയിൽ വച്ച് സമ്മാനിച്ചു.

കൂടുതൽ ഉയരങ്ങളിലേക്ക് എത്താൻ സാധിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ഐഡി കാർഡ് ക്യാമ്പയിന് തുടക്കമായി

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ അംഗത്വ സ്വീകരണത്തിനുള്ള 2024 വർഷത്തെ ഐ.ഡി കാർഡ് ക്യാമ്പയിന് തുടക്കമായി.15 വയസ് പൂർത്തിയായ യുവജനങ്ങൾക്കാണ് പ്രസ്ഥാനത്തിന്റെ അംഗത്വം സ്വീകരിക്കാൻ സാധിക്കുക.

## എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന ടാസ്ക് ഫോഴ്സ് രൂപീകരിച്ചു.




ഭയം അരുത്.... യുവജന സഭ ഒപ്പം ഉണ്ട്.....

മഴ രൂക്ഷമാകുന്നതിനാലും, കാലാവസ്ഥ വകുപ്പ് റെഡ് അലേർട്ട് മുന്നറിയിപ്പ് നൽകിയിരിക്കുന്നതുകൊണ്ടും ഏതെങ്കിലും അടിയന്തര സാഹചര്യം വന്നാൽ സേവന സജ്ജരാകുവാൻ എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന ടാസ്ക് ഫോഴ്സ് രൂപീകരിച്ചു.ഭദ്രാസന ഭാരവാഹികളും, വൈദിക ജില്ല പ്രസിഡന്റുമാരും ടാസ്ക് ഫോഴ്സിന് നേതൃത്വം നൽകും.

## അഭിനന്ദനങ്ങൾ..

എം.സി.വൈ.എം പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലൂടെ വളർന്ന്, പ്രസ്ഥാനത്തിന്റെ സജ്ജീവ പ്രവർത്തനങ്ങളോടൊപ്പം നമ്മുക്ക് അഭിമാനമായി ഇടവകകളിൽ 2024-25 ഭരണ സമിതികളിൽ ട്രസ്റ്റി, സെക്രട്ടറി,ജോയിന്റ് സെക്രട്ടറിമാരായി തെരഞ്ഞെടുക്കപ്പെട്ട പ്രിയപ്പെട്ട യുവജന സുഹൃത്തുകൾക്ക് അഭിനന്ദനങ്ങൾ...

www.malankaralibrary.com




## SWAG- Saved With Amazing Grace



സീതത്തോട് വൈദിക ജില്ലയിലെ യുവജന നേതാക്കൻമാർക്കായി ജൂൺ 1 ശനിയാഴ്ച്ച നിലക്കൽ എക്യുമെനിക്കൽ തീർത്ഥാടന ദൈവാലയത്തിൽ വച്ച് SWAG നടത്തപ്പെട്ടു. ജില്ലയുടെ നേതൃ പരിശീലന ക്യാമ്പിനോട് ചേർന്നാണ് പ്രോഗ്രാം ക്രമീകരിച്ചത്.വിവിധ യൂണിറ്റുകളിൽ നിന്നായി 50 ഓളം യുവജന നേതാക്കൻമാർ പങ്കെടുത്തു.

*നന്ദിയോടെ....*

ഗെയിമുകളിലൂടെയും, ഡാൻസും, പാട്ടും ഒക്കെയായി ICE Breaking സെഷന് നേതൃത്വം നൽകിയ ഭദ്രാസന സെക്രട്ടറി ടെനി സജി....

ചങ്കാണ് എം.സി.വൈ.എം എന്ന സെഷനിലൂടെ ചങ്കിൽ കോറിയിട്ട എം.സി.വൈ.എം അനുഭവങ്ങൾ പുതുതലമുറയ്ക്ക് പകർന്ന് നൽകിയ മുൻ ഭദ്രാസന പ്രസിഡന്റ് ഷിജോ വി.വർഗ്ഗീസ്..

Open Your Opinion എന്ന സെഷന് നേതൃത്വം നൽകി യുവജനങ്ങളുടെ ചോദ്യങ്ങൾക്കും, ആശങ്കകൾക്കും, സംശയങ്ങൾക്കും മറുപടി നൽകിയ ഭദ്രാസന അസ്സി. ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ....

സംഘടനയും, ഭരണഘടനയും എന്ന സെഷന് നേതൃത്വം നൽകി സംഘടന സംവിധാനങ്ങളെപ്പറ്റി കൂടുതൽ അറിവ് പകർന്ന് ഭദ്രാസന വൈസ്.പ്രസിഡന്റ് ലിന്റോ തോമസ്....

ഭദ്രാസന പ്രവർത്തനങ്ങളെപ്പറ്റിയും, എം.സി.വൈ.എം നെക്കുറിച്ചും ആവേശത്തോടെ യുവജനങ്ങൾക്ക് പറഞ്ഞ് നൽകിയ ഭദ്രാസന പ്രസിഡന്റ് ബിബിൻ ഏബ്രഹാം...

യുവജനങ്ങൾക്ക് ആത്മീയ ഉണർവ്വ് നൽകി ക്രിസ്തു സ്നേഹത്തിൽ ചേർന്ന് നിന്ന നിമിഷങ്ങൾ സമ്മാനിച്ച പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകിയ സീതത്തോട് വൈദിക ജില്ല ഡയറക്ടർ ഫാ.ചാൾസ് മേലേടത്ത്....

ഒപ്പം ആയിരുന്ന ഭദ്രാസന സമിതി ഭാരവാഹികൾ ഹൃദ്യമായി സമിതിയെ സ്വീകരിച്ച സീതത്തോട് വൈദിക ജില്ല സമിതി.... ഏവർക്കും ഹൃദയപൂർവ്വം നന്ദി...

## പദയാത്ര ആലോചന മീറ്റിംഗ്

ധന്യൻ ആർച്ച് ബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ തിരുനാളിനോനുബന്ധിച്ച് നടത്തപ്പെടുന്ന 44 മത് തീർത്ഥാടന പദയാത്രയുടെ ക്രമീകരണങ്ങൾ ചർച്ച ചെയ്യാനായി അത്യഭിവന്ദ്യ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്ക ബാവാ ആലോചനായോഗം വിളിച്ചുചേർത്തു. 2024 ജൂൺ 8 ശനിയാഴ്ച നടന്ന മീറ്റിംഗിൽ പത്തനംതിട്ട ഭദ്രാസനത്തെ പ്രതിനിധീകരിച്ച് വികാരി ജനറൽ പെരിയ ബഹു. മോൺ. വർഗീസ് മാത്യു കാലായിൽ വടക്കേതിൽ, എം.സി.വൈ.എം ഭദ്രാസന ഡയറക്ടർ ഫാ.ജോബ് പതാലിൽ, അസി. ഡയറക്ടർ ഫാ. സ്കോട്ട് സ്ലീബാ പുളിമൂടൻ, ഭദ്രാസന ജനറൽ സെക്രട്ടറി സുബിൻ തോമസ്, ട്രഷറർ വിശാഖ് എൽ. എന്നിവർ പങ്കെടുത്തു.

www.malankaralibrary.com



## അഭിനന്ദനങ്ങൾ .......




റെഗ്ബി പത്തനംതിട്ട ജില്ലാ ടീമിന്റെ കോച്ചായി തെരഞ്ഞെടുക്കപ്പെട്ട പത്തനംതിട്ട വൈദിക ജില്ലയിലെ കാട്ടൂർ യൂണിറ്റ് അംഗം ജോയൽ ജോസഫിന് യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

.......................................................................................

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ആടരം. ഫിസിക്സിൽ 7-ാം റാങ്ക് നേടിയ പന്തളം വൈദിക ജില്ലയിലെ ചന്ദനപ്പള്ളി യൂണിറ്റ് അംഗം ഐശ്വര്യ ആൻ സാബുവിന് ഭദ്രാസന യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ....




## മാർ ഈവാനിയോസ് ക്വിസ് ഭദ്രാസനതല വിജയികൾ



www.malankaralibrary.com

# വൈദീകജില്ല വാർത്തകൾ

## പന്തളം വൈദിക ജില്ല

### SWAG - Saved With Amazing Grace




പത്തനംതിട്ട രൂപതയുടെ നേതൃത്വത്തിൽ പന്തളം വൈദിക ജില്ലയിലെ യൂണിറ്റ് ഭാരവാഹികൾക്കായുള്ള നേതൃപരിശീലന പരിപാടി ഏപ്രിൽ 7 നു പമ്പുമല സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദേവാലയത്തിൽ നടത്തപ്പെട്ടു.

### Visita 2024

പന്തളം വൈദിക ജില്ലയുടെ നേതൃത്വത്തിൽ ചന്ദനപ്പള്ളി, തുമ്പമൺ, കുളനട, അങ്ങാടിക്കൽ, കൈപ്പട്ടൂർ യൂണിറ്റുകൾ സന്ദർശിച്ചു.

### Elysian (Divinely Inspired)

എം.സി.വൈ.എം പന്തളം വൈദിക ജില്ലയുടെ നേതൃത്വത്തിൽ 09/06/2024 ഞായറാഴ്ച Elysian (Divinely Inspired) രണ്ടാം ഘട്ടത്തിന്റെ ഭാഗമായി **ഉള്ളക്കൂർ കാരുണ്യ ഭവൻ** സന്ദർശിക്കുകയും അവിടുത്തെ അന്തേവാസികളോടൊപ്പം കുറച്ചു സമയം ചിലവഴിക്കുകയും ചെയ്തു.




**അഭിനന്ദനങ്ങൾ**

- 10ാം ക്ലാസ്സ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ എം സി വൈ എം പന്തളം വൈദിക ജില്ലയിലെ യുവജനങ്ങൾക്ക് അഭിനന്ദനങ്ങൾ
- +2 പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ എം സി വൈ എം പന്തളം വൈദിക ജില്ലയിലെ യുവജനങ്ങൾക്ക് അഭിനന്ദനങ്ങൾ

www.malankaralibrary.com




## Elysian (Divinely Inspired)







## മാർ ഈവാനിയോസ് ക്വിസ്



പത്തനംതിട്ട രൂപതയുടെ നേതൃത്വത്തിൽ നടന്ന ധന്യൻ മാർ ഈവാനിയോസ് ക്വിസ് പന്തളം വൈദിക ജില്ലയിലെ കൈപ്പട്ടൂർ സെന്റ് അഗസ്റ്റിൻസ് മലങ്കര സുറിയാനി കത്തോലിക്ക ദേവാലയത്തിൽ വച്ച് ജൂൺ 9 ഞായറാഴ്ച ഉച്ചയ്ക്ക് രണ്ടുമണി മുതൽ നടത്തപ്പെട്ടു. ജില്ലയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ചന്ദനപ്പള്ളി, ഉള്ളന്നൂർ,

www.malankaralibrary.com

തട്ട യൂണിറ്റുകൾ കരസ്ഥമാക്കി

**കേശദാനം**




എം സി വൈ എം പത്തനംതിട്ട ഭദ്രാസനത്തിന്റെ വനിതാ സംഗമത്തോട് അനുബന്ധിച്ച് നടന്ന കേശദാനത്തിൽ പന്തളം വൈദിക ജില്ലയിൽ നിന്നും എട്ടുപേർ പങ്കാളികളായി.

## പത്തനംതിട്ട വൈദിക ജില്ല

### Elysian



എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമതിയുടെ ആഭിമുഖ്യത്തിൽ നടത്തപെട്ട നോമ്പ്കാല ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി 2024ഏപ്രിൽ 6 ന് പത്തനംതിട്ട വൈദിക ജില്ലാ സമതി കോന്നി കാർമ്മല സെന്റ് അൽഫോൺസാ പ്രത്യാശ ഭവൻ സന്ദർശിക്കുകയും അവശ്യവസ്തുക്കൾ എത്തിച്ചു കൊടുക്കുകയും ചെയ്തു

**സ്വാഗതം**

എം.സി.വൈ.എം പത്തനംതിട്ട വൈദിക ജില്ലയുടെ പുതിയ ഡയറക്ടർ ആയി സ്ഥാനം ഏറ്റെടുത്ത തോമസ് ചെറുതോട് അച്ചനെ വൈദിക ജില്ലാ പ്രസിഡന്റ് ക്രിസ്റ്റിൻ ഷിബു എം.സി.വൈ.എം ഷാൾ അണിയിച്ചു വൈദിക ജില്ലയിലേക്ക്ഔദ്യോഗികമായിസ്വാഗതംചെയ്തു.പുത്തൻ പ്രവർത്തന പാതയിൽ അച്ചന് എല്ലാവിധ പ്രാർത്ഥനാശംസകളും നേർന്നു.





**മാർ ഇവാനിയോസ് ക്വിസ്**

ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ അനുസ്മരണാർത്ഥം എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന മാർ ഈവാനിയോസ് ക്വിസ് 2024 ജൂൺ മാസം ഒമ്പതാം തീയതി പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. വിവിധ യൂണിറ്റുകൾ പങ്കെടുത്ത മത്സരത്തിൽ നിന്നും യഥാക്രമം പുത്തൻപീടിക

www.malankaralibrary.com

യൂണിറ്റ് ഒന്നാം സ്ഥാനവും ഇലന്തൂർ യൂണിറ്റ് രണ്ടാം സ്ഥാനവും കാട്ടൂർ യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.



**നന്ദി..**



കഴിഞ്ഞ 2 വർഷക്കാലം എം.സി.വൈ.എം പത്തനംതിട്ട വൈദിക ജില്ലയുടെ ഡയറക്ടറായി സ്തുത്യർഹ സേവനം അനുഷ്ഠിച്ച ചാൾസ് മേലെടത്ത് അച്ചന് വൈദിക ജില്ലാ സമിതി യാത്രയയപ്പ് നൽകി. 27.04.2024 ശനിയാഴ്ച പത്തനംതിട്ട അരമനയിൽ വെച്ച് നടന്ന ചടങ്ങിൽ ജില്ലാ സമിതിയുടെ സ്നേഹോപഹാരം കൈമാറി.കഴിഞ്ഞ കാലങ്ങളിൽ അച്ചൻ ചെയ്ത എല്ലാ പ്രവർത്ത നങ്ങൾക്കും ഹൃദ്യമായ നന്ദി രേഖപ്പെടുത്തുകയും ചെയ്തു.


**എഗെയ്റോ**

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട എഗൈയ്റോ 2k24 ന് പത്തനംതിട്ട വൈദിക ജില്ല വേദിയായി. പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് 2024 ഏപ്രിൽ 21 ന് നടത്തപെട്ട പരിപാടിയിൽ വിവിധ ദൈവാലയങ്ങളിൽ നിന്ന് ധാരാളം യുവതികൾ പങ്കെടുത്തു.

## റാന്നി പെരുന്നാട് വൈദീക ജില്ല

**എലീസിയൻ**

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ ആഹ്വാനപ്രകാരം എം . സി. വൈ. എം റാന്നി പെരുന്നാട് വൈദിക ജില്ലയുടെ നേതൃത്വത്തിൽ ELYSIAN ഉപവി പ്രവർത്തനത്തിന്റെ ആദ്യഘട്ടം 17/4/2024, വൈകുന്നേരം 4 മണി മുതൽ ചിറ്റാർ ബഥനി വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററിൽവെച്ച് നടത്തപ്പെട്ടു. വൈദിക ജില്ലയിലെ യൂണിറ്റുകളിൽ നിന്നും സാധനങ്ങൾ ആയും പണമായും നൽകികൊണ്ട് ഈ ഉപവി പ്രവർത്തനത്തിൽ പങ്കാളികളായി ബഥനി വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററിൽ ഉപവി പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു .




## FLAME 2K24

എം. സി. വൈ. എം റാന്നി പെരുന്നാട് വൈദിക ജില്ലയുടെ പ്രവർത്തനവർഷം ഉദ്ഘാടനം FLAME 2K24 ഏപ്രിൽ 13 ശനിയാഴ്ച 2 മണി മുതൽ മൈലപ്ര തിരുഹൃദയ സുറിയാനി കത്തോലിക്ക ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ജില്ലാ പ്രസിഡന്റ് ഷിബിൻ ഷാജി അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ വികാരി റവ. ഫാ പോൾ നിലയ്ക്കൽ തെക്കേതിൽ ഉദ്ഘാടനം ചെയ്യുകയും 2024 വർഷത്തെ കർമ്മ പദ്ധതി പ്രകാശനം ചെയ്യുകയും ചെയ്തു കർമ്മപദ്ധതി ഉദ്ഘാടനത്തിനോട് അനുബന്ധിച്ചു ഫാ.ബിബിൻ ബിജോയ്, ഡി.റിജോഷ് ജി ജോർജ് എന്നിവർ മ്യൂസിക്കൽ ക്ലാസ്സിനു നേതൃത്വം നൽകി

www.malankaralibrary.com




## യാത്ര അയപ്പ്



കഴിഞ്ഞ നാലു വർഷത്തെ സ്തുത്യർഹമായ സേവനത്തിലൂടെ യുവജന പ്രസ്ഥാനത്തിന് പുത്തൻ ഉണർവ് നൽകി റാന്നി പെരുനാട് വൈദീക ജില്ലയിലെ യുവജനങ്ങളെ നവമുഖശോഭയോടെ നയിച്ച ഞങ്ങളുടെ പ്രിയപ്പെട്ട സിസ്റ്റർ ആനിമേറ്റർ ജ്യോതി S.I.C ക്ക് സ്നേഹനിർഭരമായ യാത്രാമംഗളങ്ങൾ നൽകി

## Media Wing

എം.സി.വൈ.എം റാന്നി പെരുനാട് വൈദീക ജില്ലയുടെ പ്രവർത്തനങ്ങൾ സമൂഹമാധ്യമങ്ങളിൽ എത്തിക്കുവാൻ ജില്ലയിൽ നിന്നും ഒരു മീഡിയ വിംഗ് രൂപീകരിച്ചു




## Hora Sancta



www.malankaralibrary.com

റാന്നി പെരുന്നാട് വൈദീക ജില്ലയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി പരിശുദ്ധ കുർബാനയും ദിവ്യകാരുണ്യ ആരാധനയും കുമ്പളാംപൊയ്ക സെന്റ് മേരീസ് മലങ്കര കാത്തോലിക്ക ദൈവാലയത്തിൽവെച്ച് മെയ് 31 വെള്ളിയാഴ്ച വൈകിട്ട് 5 മണി മുതൽ നടത്തപെട്ടു.യുവജനങ്ങൾക്കായി അനുഭവവേദ്യമായ ദിവ്യകാരുണ്യ ആരാധനയും വിശുദ്ധ കുർബാനയും ഫാ സ്കോട്ട് സ്ലീബ പുളിമൂടൻ അർപ്പിച്ചു.

## Lens & Light




പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് റാന്നി പെരുന്നാട് വൈദീക ജില്ലയുടെ നേതൃത്വത്തിൽ Lens & Light എന്ന പേരിൽ ഓൺലൈൻ ഫോട്ടോഗ്രഫി കോമ്പറ്റിഷൻ നടത്തപെട്ടു


* റിനു റെജി,പൊന്നമ്പ് യൂണിറ്റ്
* ജോയൽ ജോബു,അതിരുങ്കൽ യൂണിറ്റ്
* ജോ മാത്യു,തെക്കുംമല യൂണിറ്റ്

എന്നിവർ യഥാക്രമത്തിൽ 1,2,3 സ്ഥാനങ്ങൾ നേടി വിജയിച്ചു.

## മാർ ഈവാനിയോസ് ക്വിസ്

ധന്യൻ മാർ ഇവാനിയോസ് പിതാവിന്റെ അനുസ്മരണാർത്ഥം റാന്നി പെരുന്നാട് വൈദീക ജില്ലയുടെ നേതൃത്വത്തിൽ മാർ ഈവാനിയോസ് ക്വിസ് മത്സരം 09-06-2024 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ വടശ്ശേരിക്കര മാർ ഈവാനിയോസ് സ്കൂളിൽവെച്ച് നടത്തപെട്ടു

ക്വിസ് മത്സരത്തിൽ കുമ്പഴ യൂണിറ്റ് ഒന്നാം സ്ഥാനവും, മാമ്പാറ യൂണിറ്റ് രണ്ടാം സ്ഥാനവും, മൈലപ്ര യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി



www.malankaralibrary.com







# കോന്നി വൈദീക ജില്ല

## DROP ( Blood Donation )

ഓരോ തുള്ളി ചോരയ്ക്കും ഒരു മനുഷ്യ ജീവന്റെ വിലയുള്ള ഈ കാലത്ത് വളർന്നുവരുന്ന പുതു തല മുറയെ രക്ത ദാനത്തിന്റെ മഹത്വം എത്രയാണെന്ന് മന സ്സിലാക്കിയതിനെ തുടർന്ന് 3 മാസം കൊണ്ട് 15 യൂണിറ്റിൽ പരം ബ്ലഡ് കൊടുക്കുവാൻ ജില്ലയ്ക്ക് സാധിച്ചു.

### കേശദാനം

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ക്യാൻസർ രോഗികൾക്കാ യുള്ള കേശദാനത്തിൽ കോന്നി വൈദിക ജില്ലയിൽ നിന്ന്

* മെറീന ഷാജി, കല്ലേലി യൂണിറ്റ്
* നിധിയ സാറ, ഊട്ടുപാറ യൂണിറ്റ്
* ലിജോ പി. ജെ, വി. കോട്ടയം
* ബെനീറ്റ മറിയം, പൂങ്കാവ് യൂണിറ്റ്
* ഷീബ സൂസൻ ഡേവിഡ്, വി. കോട്ടയം

എന്നിവർ പങ്കെടുത്തു



www.malankaralibrary.com

## ഷെഹീമോ






പുതു തലമുറയിലെ യുവജനങ്ങളെ ഈശോ യുടെ ദിവ്യ കാരുണ്യത്തോട് ചേർത്ത് നിർത്തുക എന്ന ലക്ഷ്യത്തോടെ ഷെഹീമോ നൈറ്റ് വിജിൽ 1/5/2024 കിഴവള്ളൂർ സെന്റ് പിറ്റേഴ്സ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വെച്ച് രണ്ടാം ഘട്ട ഷെഹീമോ നടത്തപെട്ടു. സ്കൂൾ ജീവിതത്തിലേക്ക് കടക്കുന്ന കുട്ടികളെ പ്രത്യേകം സമർപ്പിച്ചുകൊണ്ടയിരുന്നു ദിവ്യ കാരുണ്യ ആരാധന നടത്തപെട്ടത്. പ്രതികൂലമായ കാലാവസ്ഥയിലും 11 യൂണിറ്റുകളിൽ നിന്ന് 90ൽ പരം യുവജനങ്ങൾ ഈശോയോട് ഒപ്പമായിരുന്നു

## മിഷൻ 24

എം.സി.വൈ.എം കോന്നി വൈദിക ജില്ലയിൽ ചരിത്രം സൃഷ്ടിച്ചുകൊണ്ട് മുഴുവൻ യൂണിറ്റുകളിലും പ്രവർത്തനത്തിന്റെ ആദ്യ ചുവടായ കർമപദ്ധതി പ്രകാശനം ചെയ്തു.

## മാർ ഈവാനിയോസ് ക്വിസ്

ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മക്കായി നടത്തപ്പെടുന്ന മാർ ഈവാനിയോസ് ക്വിസ് 9/5/2024 വകയാർ സെന്റ് മേരിസ 'മലങ്കര കത്തോലിക്ക ദൈവാലയത്തിൽവച്ച് നടത്തുകയുണ്ടായി. ഇടവക വികാരിയും, ജില്ലാ വികാരിയുമായ വെരി.റവ.ഫാ.വർഗീസ് കൈത്തോൺ പ്രാർത്ഥിച്ച് ആശിർവദിച്ച് മത്സരം ആരംഭിച്ചു.ക്വിസിൽ 21 യൂണിറ്റുകൾ രജിസ്റ്റർ ചെയുകയും 16 യൂണിറ്റുകൾ പങ്കെടുക്കുകയും ചെയിതു









മത്സരത്തിൽ വി. കോട്ടയം, കൂടൽ, വകയാർ എന്നി യൂണിറ്റുകൾ യഥാക്രമം 1,2,3 എന്നി സ്ഥാനങ്ങൾ കരസ്ഥമാക്കി കൂടാതെ ഭദ്രസന തലത്തിൽ കോന്നി വൈദിക ജില്ലക്കുവേണ്ടി വി. കോട്ടയം യൂണിറ്റ് മൂന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയിതു വിജയിച്ച യുണിറ്റുകൾക്കും മികച്ച മത്സരം കാഴ്ച്ചവെച്ച പങ്കെടുത്ത മറ്റ് യുണിറ്റുകൾക്കും അഭിനന്ദനങ്ങൾ.

## പരിസ്ഥിതിദിനാഘോഷം

***ചേർത്തു നിർത്താം പ്രകൃതിയെ... നല്ലൊരു നാളേക്ക് വേണ്ടി....***

എം.സി.വൈ.എം കോന്നി വൈദിക ജില്ലയുടെ നേതൃത്വത്തിൽ വകയാർ ബാലിക മഠത്തിൽ എം.സി. വൈ.എം കോന്നി ജില്ലയുടെ ഡയറക്ടർ റവ. ഫാ. മാത്യു പേഴുംമൂട്ടിൽ, വൈദിക ജില്ലയുടെ പ്രസിഡന്റ് പ്രിൻസ് റെജി എന്നിവർ വൃക്ഷത്തൈകൾ നട്ടു

www.malankaralibrary.com



## സ്കൂൾ കിറ്റ് വിതരണം



Elysian ചാരിറ്റിയുടെ രണ്ടാം ഘട്ടം 2/6/2024 ന് വകയാർ ബാലിക മഠത്തിൽ വച്ച് നടത്തപ്പെട്ടു. ജില്ലാ ഡയറക്ടർ റവ.ഫാ.മാത്യു പേഴുംമൂട്ടിലിന്റെ സാന്നിധ്യത്തിൽ ജില്ലാ പ്രസിഡന്റ് പ്രിൻസ് റെജി വകയാർ ബാലിക മഠത്തിലെ കുട്ടികൾക്കായുള്ള സ്കൂൾ കിറ്റുകൾ സിസ്റ്റർ ശാന്തി എസ്. ഐ. സിക്ക് കൈമാറി. രണ്ടാം ഘട്ടം പൂർത്തീകരിച്ചു.

## ID CARD

യുവജന സഭയിൽ അംഗത്വം എടുക്കുന്നതിന്റെ പ്രാധാന്യം എത്രയാണെന്ന് യുവജനങ്ങൾക്ക് മനസ്സിലാക്കി നൽകുകയും അതെതുടർന്ന് 18 യൂണിറ്റുകളിൽ നിന്ന് 80 പരം യുവജനങ്ങൾ ഈ വർഷം ഐഡി കാർഡ് ക്യാമ്പയിനിൽ പങ്കുചേരുകയും ചെയിതു.

## Exam Tips




എം. സി. വൈ. എം കോന്നി വൈദിക ജില്ലയുടെ നേതൃത്വത്തിൽ പരീക്ഷയിലേക്ക് കടക്കുന്ന കുഞ്ഞുങ്ങൾക്കായി ഓൺലൈനായി പരീക്ഷ കാലയളവിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഷോർട്ട് വീഡിയോ ചെയ്യുകയും അത് ജില്ലയുടെ യൂട്യൂബ് ചാനലിലൂടെ എല്ലാവരിലേക്കും എത്തിക്കുകയും ചെയ്തു.

ക്ലാസ്സ് എടുത്തവർ
ലിറ്റി സജി, വകയാർ യൂണിറ്റ്
മെറിൻ ഫിലിപ്പ്, വി. കോട്ടയം യൂണിറ്റ്
ജുബിത ബാബു, ളാക്കൂർ യൂണിറ്റ്
ലിയ എൽസ, വി. കോട്ടയം യൂണിറ്റ്
റിയ അന്ന ഗീവർഗീസ്, വകയാർ യൂണിറ്റ്

www.malankaralibrary.com

## ധന്യൻ ആർച്ചുബിഷപ്പ്
# മാർ ഈവാനിയോസ്
## പിതാവിന്റെ കബറിങ്കലേക്ക്



# തീർത്ഥാടന
# പദയാത്ര

റാന്നി പെരുന്നാട് കുരിശുമല തീർത്ഥാടന
ദേവാലയത്തിൽ നിന്നും പട്ടം കബറിങ്കലേക്ക്
2024 ജൂലൈ 10 മുതൽ 14 വരെ

**മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്**
പത്തനംതിട്ട ഭദ്രാസനം